**പതിനാലാം കേരള നിയമസഭ**
**ഇരുപത്തിരണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2691 — 22.01.2021 ലെ മറുപടിയ്ക്ക്.

## പട്ടിക വിഭാഗങ്ങൾ സഹകരണസ്ഥാപനങ്ങളിൽ നിന്ന് എടുത്തിരുന്ന വായ്പകൾ

| **ചോദ്യം**<br>**ശ്രീ. അനിൽ അക്കര :** | | **ഉത്തരം**<br>**എ. കെ. ബാലൻ**<br>**പട്ടിക ജാതി - പട്ടിക വർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി** | |
|---|---|---|---|
| (എ) | ഈ സർക്കാരിന്റെ കാലയളവിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾ സഹകരണ സ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുള്ള വായ്പ എഴുതി തള്ളുന്നതിന് എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | പട്ടികജാതി വിഭാഗക്കാർ സഹകരണ സ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുള്ളതിൽ 30/03/2010 ന് തിരിച്ചടവ് കാലാവധി പൂർത്തിയായ വായ്പകളിൽ മുതലും പലിശയും ഉൾപ്പെടെ ഒരു ലക്ഷം രൂപവരെ എഴുതിതള്ളുന്നതിനായി ഈ സർക്കാരിന്റെ കാലയളവിൽ 88,53,64,000/- രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. കൂടാതെ നാളിതുവരെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 3275 ഗുണഭോക്താക്കളുടെ വായ്പ എഴുതി തള്ളിയിട്ടുണ്ട്. |
| (ബി) | മുൻ സർക്കാരിന്റെ കാലത്ത് പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾ സഹകരണ സ്ഥാപനങ്ങളിൽ നിന്ന് എടുത്തിരുന്ന വായ്പകൾ എഴുതിത്തള്ളുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടായിരുന്നോ; പ്രസ്തുത പദ്ധതിയിലൂടെ എത്രപേർക്ക് പ്രയോജനം ലഭിച്ചു | (ബി) | പട്ടികജാതി വിഭാഗക്കാർ സഹകരണ സ്ഥാപനങ്ങളിൽനിന്നും പട്ടികജാതി - പട്ടികവർഗ്ഗ വികസന കോർപ്പറേഷനിൽ നിന്നും എടുത്തിട്ടുള്ള വായ്പകളിൽ മുതലും പലിശയും ഉൾപ്പെടെ കുടിശ്ശികയായ 25,000 രൂപവരെ എഴുതി തള്ളുന്നതിന് 12.11.2009 -ലെ 100/2009 ഉത്തരവ് പ്രകാരം വ്യവസ്ഥ ചെയ്തു. തുടർന്ന് 10.12.2013-ലെ 99/2013 ഉത്തരവ് പ്രകാരം എഴുതിത്തള്ളുന്ന തുക 50,000 രൂപയായും, 30.03.2015-ലെ 24/15 നമ്പർ ഉത്തരവ് പ്രകാരം ഒരു ലക്ഷം രൂപയായും ഉയർത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതി പ്രകാരം 45,875 പേരുടെ വായ്പകൾ എഴുതി തള്ളിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | പട്ടികവർഗ്ഗ വിഭാഗക്കാർ കാർഷിക വായ്പ, വിദ്യാഭ്യാസ വായ്പ, സ്വയം തൊഴിൽ വായ്പ (വ്യക്തിഗത വായ്പകൾ) വിവാഹ ആവശ്യത്തിനുള്ള വായ്പ, സ്വർണ്ണപണയത്തിൻമേലുള്ള കാർഷിക വായ്പ എന്നിവയ്ക്കായി വിവിധ സർക്കാർ വകുപ്പുകൾ, സഹകരണ സ്ഥാപനങ്ങൾ, ദേശസാൽകൃത ബാങ്കുകൾ, പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ എന്നിവിടങ്ങളിൽ എടുത്തിട്ടുള്ളതും 01-04-2006 മുതൽ 31-03-2014 വരെ തിരിച്ചടവ് കാലാവധി കഴിഞ്ഞ് കുടിശ്ശികയായതുമായ പലിശയും, പിഴപലിശയും ഉൾപ്പെടെയുള്ള ഒരു ലക്ഷം രൂപവരെയുള്ള വായ്പകൾ എഴുതിതള്ളുന്നതിനുള്ള പദ്ധതി നിലവിലുണ്ട്. 3275 ഗുണഭോക്താക്കൾക്ക് ഈ പദ്ധതിയുടെ പ്രയോജനം ലഭിച്ചിട്ടുണ്ട്. |
| (സി) | വായ്പ എഴുതിത്തള്ളിയ വകയിൽ സഹകരണസംഘം രജിസ്ട്രാർക്ക് എന്ത് തുകയാണ് സർക്കാർ നൽകിയത്, വിശദമാക്കുമോ? | (സി) | പട്ടികജാതി വിഭാഗക്കാരുടെ വായ്പാകുടിശ്ശിക എഴുതിതള്ളൽ പദ്ധതി പ്രകാരം ആനുകൂല്യം അനുവദിക്കുന്നതിനായി വകുപ്പിൽ നിന്നും സഹകരണ സംഘം രജിസ്ട്രാർക്ക് 132,87,60,000/- രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്.<br>വായ്പ എഴുതി തള്ളിയ വകയിൽ സഹകരണ സംഘം രജിസ്ട്രാർക്ക് പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും തുക അനുവദിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ